നം. പി.എൽ 2/28868/2016

ചീഫ് എഞ്ചിനീയറുടെ കാര്യാലയം
ജലസേചനവും ഭരണവും
തിരുവനന്തപുരം
തീയതി - 06-01-2020

<u>സർക്കുലർ</u>

.സർ,

വിഷയം :- ഹരിതകേരളം മിഷൻ - ജലസമൃദ്ധി ഉപമിഷൻ വാട്ടർഷെഡ് പൂർത്തീകരണം- സംബന്ധിച്ച്

ജലസമൃദ്ധി ഉപമിഷന്റെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് നീർത്തട പ്ലാനുകൾ, ബ്ലോക്ക് കല മാസ്റ്റർപ്ലാനുകൾ എന്നിവ തയ്യാറാക്കാൻ അനുവദിച്ച കാലാവധി കഴിഞ്ഞിട്ടും അവ പൂർണ്ണമായും പൂർത്തീകരിച്ചിട്ടില്ല എന്നാണ് അറിയുവാൻ സാധിച്ചത്. മിഷൻ പ്രവർത്തനങ്ങളിൽ ബഹു മുഖ്യമന്ത്രി നേരിട്ട് അവലോകനം ചെയ്യുന്നതിനാൽ ബാക്കിയുള്ള നീർത്തടപ്ലാൻ/മാസ്റ്റർ പ്ലാൻ എന്നിവ 2020 ജനുവരി 20 നകം പൂർത്തീകരിക്കേണ്ടതാണ്. ഗവൺമെന്റ് ഉത്തരവ് പ്രകാരം ഇതിനായി നിയോഗിക്കപ്പെട്ടവർ തന്നെ പ്രസ്തുത പ്രവൃത്തി പൂർത്തീകരിക്കണമെന്ന് നിർദ്ദേശിക്കുന്നു. പൂർത്തീകരിച്ച മാസ്റ്റർ പ്ലാനുകളുടെ സോഫ്റ്റ് കോപ്പി സി.ഡി യിലാക്കി ഈ ഓഫീസിലേയ്ക്ക് സമർപ്പിക്കേണ്ടതാണ്.

ചീഫ് എഞ്ചിനീയർ

പകർപ്പ്-

ഹരിതകേരളം നോഡൽ ഓഫീസർമാർ